പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 282 — 03.04.2013-ലെ മറുപടിയ്ക്ക്

## "പച്ചക്കറി വില"

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം. എ. ബേബി<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പച്ചക്കറി വിപണന രംഗത്ത് ഹോർട്ടി കോർപ്പ് നടത്തുന്ന ഇടപെടലുകളെ സംബന്ധിച്ച് വിശദമാക്കാമോ;<br><br>(ബി) പച്ചക്കറിയുടെ വില കുതിച്ചുയരുന്നത് പിടിച്ചുനിർത്തുന്നതിൽ ഹോർട്ടികോർപ്പ് നടത്തിയ നടപടികളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;<br><br>(സി) പച്ചക്കറിയുടെ വില വർദ്ധിച്ചുവരുന്നത് തടയാൻ സർക്കാർ തലത്തിൽ നടത്തിയിട്ടുള്ള മറ്റ് ഇടപെടലുകളെ സംബന്ധിച്ച് വിശദീകരിക്കാമോ ? | (എ), (ബി) & (സി) കേരളത്തിലെ 9 ജില്ലകളിൽ ഹോർട്ടികോർപ്പ് പച്ചക്കറി വിപണനം നടത്തിവരുന്നുണ്ട്. എല്ലാ ദിവസവും വിപണി വിലയുമായി താരതമ്യപ്പെടുത്തി 15 % വരെ വില കുറച്ചാണ് ഹോർട്ടികോർപ്പ് പച്ചക്കറി വിപണനം നടത്തുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ പച്ചക്കറി വില വിപണിയിൽ ക്രമാതീതമായി ഉയരുന്ന ഘട്ടങ്ങളിൽ വിപണി ഇടപെടൽ നടത്തുകയും കമ്പോള വിലയേക്കാൾ 30% വരെ വില കുറച്ച് വിപണനം നടത്താറുണ്ട്. പച്ചക്കറിയുടെ വില കുതിച്ചുയരുന്ന സാഹചര്യങ്ങളിൽ കമ്പോള വിലയേക്കാൾ 30% വരെ സബ്സിഡി നിരക്കിൽ ഹോർട്ടികോർപ്പു വഴി പച്ചക്കറികൾ വിപണനം ചെയ്യുകയുണ്ടായി. ഈ ആനുകൂല്യം കൂടുതൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഹോർട്ടികോർപ്പിന്റെ വിപണന കേന്ദ്രങ്ങൾക്കു പുറമേ കേരളത്തിലുടനീളം 19 സ്ഥലങ്ങളിൽ ഫെയറുകൾ സംഘടിപ്പിക്കുകയും സപ്ലൈകോയുമായി സഹകരിച്ച് 60 സ്ഥലങ്ങളിൽ വിപണന കേന്ദ്രങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ 20 മൊബൈൽ പച്ചക്കറി യൂണിറ്റുകൾ ഈ കാലയളവിൽ തുടങ്ങുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.